"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ്-സാങ്കേതികം-കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ. രഞ്ജിത്ത് റാം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) 1114/2024-ാം നമ്പർ ഹർജിയുടെ 23.08.2024 ലെ ഉത്തരവിലെ നിർദ്ദേശം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.1327/2024/HEDN തീയതി,തിരുവനന്തപുരം, 23-10-2024

പരാമർശം:-

1. 25.2.2017 ലെ GO (P) 3/2017/P&ARD നമ്പർ സർക്കാർ ഉത്തരവ്
2. ഡോ.രഞ്ജിത്ത് റാം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മുമ്പാകെ ഫയൽ ചെയ്ത OA(EKM)-1114/2024 - ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 23.08.2024- ലെ ഉത്തരവ്
3. സ.ഉ(സാധ)നം.1071/2024/ഉവിവ തീയതി 21.08.2024
4. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12.09.2024 ലെ DTETVM/8152/2024-EA 5നം. കത്ത്

**ഉത്തരവ്**

സർക്കാർ എൻജിനീയറിംഗ് കോളേജ്, കണ്ണൂരിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എൻജിനീയറിംഗ് വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. രഞ്ജിത്ത് റാം - നെ പരാമർശം (3) ലെ പൊതുസ്ഥലം മാറ്റ ഉത്തരവ് പ്രകാരം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് കണ്ണൂരിൽ നിന്നും ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് വയനാടിലേയ്ക്ക് സ്ഥലംമാറ്റം നൽകി ഉത്തരവായിരുന്നു. ആയതിനെതിരെ ടിയാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ OA (EKM) 1114/2024 നമ്പർ ഹർജി ഫയൽ ചെയ്യുകയും പ്രസ്തുത ഹർജിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. ടി ഉത്തരവിൽ ഡോ. രഞ്ജിത്ത് റാം -ന്റെ 22.08.2024 ൽ സർക്കാർ മുമ്പാകെ സമർപ്പിച്ച റെപ്രസന്റേഷൻ (Annexure A7) പരിഗണിച്ച് (Annexure A5) G.O.(Rt)1071/2024/HEdn dated 21.02.2024 നമ്പർ

സർക്കാർ ഉത്തരവ് റിവ്യു ചെയ്യുവാനും, ഹർജിക്കാരനെയും, ബന്ധപ്പെട്ട മറ്റ് കക്ഷികളെയും നേരിൽ കേട്ട് ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളാനും ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരനെ **12.09.2024** ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

ഹിയറിംഗ് വേളയിൽ ഡോ. രഞ്ജിത്ത് റാം ചുവടെ പറയും പ്രകാരമുള്ള കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

സർക്കാർ എൻജിനീയറിംഗ് കോളേജുകളിലെ അസോസിയേറ്റ് പ്രൊഫസർമാരുടെ **2024** ലെ പൊതുസ്ഥലംമാറ്റത്തിൽ കണ്ണൂർ എൻജിനീയറിംഗ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻസ് വിഭാഗം അസോസിയേറ്റ് പ്രൊഫസറായ ഡോ രഞ്ജിത്ത് റാം - നെ വയനാട് സർക്കാർ എൻജിനീയറിംഗ് കോളേജിലേക്ക് പരാമർശം **(3)** പ്രകാരം സ്ഥലംമാറ്റം നൽകി ഉത്തരവാകുകയുണ്ടായി. ഹർജിക്കാരന്റെ മകൻ കമൽ റാം രഞ്ജിത്ത്, ലേണിംഗ് ഡിസെബിലിറ്റിയുള്ള കുട്ടിയാണെന്നും, ജന്മനാതന്നെ കുട്ടിയ്ക്ക് പ്രശ്നങ്ങളുണ്ടായിരുന്നുവെന്നും, കുട്ടിയ്ക്ക് ബ്രെയിൻഡെവലപ്പ്മെന്റിൽ **50%** പ്രയാസങ്ങളുണ്ടെന്നും, **10**-ാം ക്ലാസിലാണെന്നും, ഈ കുട്ടിയുടെ ദൈനംദിനകാര്യങ്ങളിലും പഠനകാര്യങ്ങളിലും മാതാപിതാക്കളുടെ സാമിപ്യം അനിവാര്യമാണെന്നും, ഒരുപാട് കാര്യങ്ങളിൽ പിതാവിന്റെ സപ്പോർട്ടോട് കൂടി മാത്രമാണ് ഈ കുട്ടിയുടെ ദിവസങ്ങൾ കഴിഞ്ഞുപോകുന്നതെന്നും, അതോടൊപ്പം വാർദ്ധക്യാവസ്ഥയിലുള്ള മാതാവ് ടിയാന്റെ കൂടെയാണ് താമസിക്കുന്നതെന്നും, അമ്മയുടെ സംരക്ഷണം ടിയാനാണ് നിർവഹിക്കുന്നതെന്നും, കൂടാതെ എച്ച്.ഒ.ഡി ആയി ചുമതലയേറ്റിട്ട് അധികമായില്ല എന്നും, പ്രസ്തുത കോളേജിൽ **2** വേക്കൻസി നിലവിലുണ്ടെന്നും, പി എച്ച് ഡി ചെയ്യുന്ന കുട്ടികളെ ടിയാൻ ഗൈഡ് ചെയ്യുന്നുണ്ടെന്നും, മേൽ കാരണങ്ങളെല്ലാം കണക്കിലെടുത്ത് കണ്ണൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ തന്നെ തുടരാൻ അനുവദിക്കണമെന്നും ഹർജിക്കാരൻ വാദിച്ചു.

**3.** സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ പരാമർശം **(5)** ലെ റിപ്പോർട്ട് പ്രകാരം ഡോ രഞ്ജിത്ത് റാം **9.7.2001** ലാണ് കണ്ണൂർ എൻജിനീയറിംഗ് കോളേജിൽ ജോലിയിൽ പ്രവേശിക്കുന്നത്. ടിയാന്റെ പുത്രന് ലേണിംഗ് ഡിസെബിലിറ്റി ഉണ്ടെന്നും ഇപ്പോൾ കുട്ടി പത്താം ക്ളാസിലാണെന്നും ഹർജിക്കാരന്റെ സ്ഥലംമാറ്റം കുട്ടിയുടെ പഠനത്തെ സാരമായി ബാധിക്കുമെന്നും, പ്രായമായ മാതാവ് കൂടെയുണ്ടെന്നും ടിയാരിയുടെ സംരക്ഷണകാര്യവും പ്രശ്നത്തിലാവുമെന്നും ഇത് കണക്കിലെടുക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചതായി സാ വി ഡ- റിപ്പോർട്ട് ചെയ്യുന്നു. ടിയാൻ കേരള പബ്ളിക് സർവീസ് കമ്മീഷന്റെ സ്റ്റേറ്റ് വൈഡ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതും **23** വർഷത്തോളമായി കണ്ണൂർ സർക്കാർ എൻജിനീയറിംഗ് കോളേജിൽ സേവനമനുഷ്ഠിക്കുന്നതുമാണ്. മൂന്ന് വർഷം

തുടർച്ചയായി സേവനമനുഷ്ഠിച്ചു കഴിഞ്ഞാൽ കേരളത്തിനകത്തുള്ള ഏതൊരു ഇൻസ്റ്റിറ്റ്യൂഷനിലും ജോലി ചെയ്യാൻ ടിയാൻ ബാധ്യസ്ഥനാണ്. പരാമർശം(1) പ്രകാരം ഉള്ള മാനദണ്ഡമനുസരിച്ചുള്ള പൊതുസ്ഥലംമാറ്റ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് ഇരുപത്തിമൂന്ന് വർഷം ഒരേ സ്ഥലത്ത് തന്നെ ജോലി ചെയ്ത ഡോ രഞ്ജിത്ത് റാമിനെ വയനാട് എൻജിനീയറിംഗ് കോളേജിലേക്ക് സ്ഥലംമാറ്റിയത്. 7 സാങ്ങ്ഷൻഡ് പോസ്റ്റുകളുള്ള വയനാട്ടിൽ 6 പേരും അവരുടെ എലിജിബിലിറ്റി ക്രൈറ്റീരിയ കഴിഞ്ഞതിനാൽ ട്രാൻസ്ഫറായി പോയതും, നാല് പോസ്റ്റുകളവിടെ വേക്കന്റുമാണ്. ഭരണപരമായ സൗകര്യത്തിന് ഈ സ്ഥലംമാറ്റം അനിവാര്യമാണ്. വ്യക്തിപരമായ കാര്യം പറഞ്ഞ് നിരന്തരമായി ഒരേ സ്ഥലത്ത് തന്നെ തുടരുന്നത് വയനാട് എൻജിനീയറിംഗ് കോളേജിന്റെ അക്കാദമിക നിലവാരത്തെ ബാധിക്കുന്നതുമാണ്. ഹർജിക്കാനുൾപ്പെടെ 3 പേരെയാണ് വയനാട്ടിലേക്ക് സ്ഥലംമാറ്റിയത്. ഇത് അവിടുത്തെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും, പൊതുതാൽപര്യം കണക്കിലെടുത്തുമാണ്. ഇൻസ്റ്റിറ്റ്യൂഷന്റെ പ്രവർത്തനമികവിനും ഇത് ആവശ്യമായത്കൊണ്ടാണ് ടിയാനെ ട്രാൻസ്ഫർ ചെയ്തത്. ടിയാന് ഹിൽസ്റ്റേഷൻ സർവീസില്ലായെന്നും, ഹിൽസ്റ്റേഷനിൽ ജോലിചെയ്യേണ്ടത് ഒരാളുടെ സർവീസിൽ ഒഴിച്ചുകൂടാനാവാത്തതാണെന്നും വയനാട് പോലെയുള്ള റിമോട്ട് ഹിൽസ്റ്റേഷനിൽ ടിയാനെ പോലെയുള്ള മികച്ച അധ്യാപകരുടെ സേവനം അനിവാര്യവുമാണ്. 9.7.2001 മുതലൊരിക്കൽപോലും ടിയാൻ മറ്റെവിടെയും സേവനമനുഷ്ഠിച്ചിട്ടില്ല. ഇത് പരാമർശം(1) സർക്കാർ ഉത്തരവിനെതിരാണ്. ടിയാൻ തന്റെ വ്യക്തിപരമായ കാര്യങ്ങൾക്ക് ഊന്നൽ നൽകിയാണ് ടി ട്രാൻസ്ഫറിനെതിരെ അപേക്ഷ നൽകിയിരിക്കുന്നത്. ആയതിനാൽ തന്നെ ടിയാന്റെ നിവേദനം പരിഗണിക്കേണ്ടതില്ല എന്നതാണ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിലെ പരാമർശം.

4.നിലവിലെ നിയമങ്ങളുടെയും, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽത്തന്നെ ടിയാനെ നിലനിർത്തണമെന്ന ഡോ രഞ്ജിത്ത് റാമിന്റെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

5.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം(2)പ്രകാരമുള്ള നിർദ്ദേശം ഇപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ASHA A K**

ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ,എറണാകുളം(ആമുഖ കത്ത് സഹിതം)

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,കണ്ണൂർ

ഡോ രഞ്ജിത്ത് റാം,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ &ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ,വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
www.highereducation.kerala.gov.in
കരുതൽ ഫയൽ/ഓഫീസ് കോപ്പി(HEDN-G1/164/2024-HEDN )

ഉത്തരവിൻ പ്രകാരം

Signed by
Gopakumar C R
സെക്ഷൻ ഓഫീസർ
Date: 24-10-2024 10:47:22